LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

താലൂക്ക്	വിതരണം ചെയ്ത തുക
ചേർത്തല	10,00,24,500
അമ്പലപ്പുഴ	15,74,97,500
കുട്ടനാട്	4,08,60,000
കാർത്തികപ്പള്ളി	13,61,24,657
മാവേലിക്കര	5,62,71,000
ചെങ്ങന്നൂർ	3,48,08,000

(ബി)

സാമ്പത്തിക വർഷം	വിതരണം ചെയ്ത തുക
2011-12	70,62,500
2012-13	84,02,500
2013-14	20,27,500
2014-15	1,87,43,500

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും ലഭ്യമാക്കുന്നത് പ്രായോഗികമല്ല

സ്മാർട്ട് വില്ലേജ്

158(3038) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് ആരംഭിക്കുന്നതിന് കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 'സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any Where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സ്മാർട്ട് വില്ലേജ് പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമായി 14 വില്ലേജ് ഓഫീസുകളെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് 1 കോടി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും, മേൽ തുക വിനിയോഗിച്ചു കൊണ്ട് 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പ്രസ്തുത വില്ലേജുകളുടെ നവീകരണം പൂർത്തിയായിട്ടുള്ളതുമാണ്. സ്മാർട്ട് വില്ലേജ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി 3.29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ തുടങ്ങി 8 ജില്ലകളിലായി 11 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതും ഇവയിൽ 7 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തിയാവുകയും, 4 എണ്ണത്തിന്റെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിച്ചു വരികയുമാണ്. സ്മാർട്ട് വില്ലേജ് പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ 9 വില്ലേജാഫീസുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട് തുടങ്ങി 5 ജില്ലകളിലായി 8 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതും പ്രസ്തുത വില്ലേജുകളുടെ നിർമ്മാണത്തിന് 344.55 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

കോട്ടപ്പുറം കടിവെള്ള പദ്ധതിക്ക് പുറമ്പോക്ക് ഭൂമി

159(3039) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടപ്പുറം കുടിവെള്ള പദ്ധതിയുടെ ആവശ്യത്തിലേക്കായി പുറമ്പോക്ക് ഭൂമി ലഭ്യമാക്കുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ;